## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5522** **27.03.2018 ലെ മറുപടിയ്ക്ക്**

**<u>മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ ബാധ്യത</u>**

<u>ചോദ്യം</u>
ശ്രീ.പാറക്കൽ അബ്ദുല്ല

<u>ഉത്തരം</u>
ഡോ. കെ.റ്റി. ജലീൽ,
(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ ബാധ്യത നിലവിൽ എത്രകോടി രൂപയാണെന്ന് വ്യക്തമാക്കുമോ; | (എ) | 31/03/2018 വരെ 345,81,08,473/- രൂപ (മുന്നൂറ്റി നാൽപ്പത്തിയഞ്ച് കോടി എൺപത്തിയൊന്ന് ലക്ഷത്തി എണ്ണായിരത്തി നാന്നൂറ്റി എഴുപത്തി മൂന്നു രൂപാ മാത്രം) |
| (ബി) | ജീവനക്കാരുടെ പെൻഷനും മറ്റാനുകൂല്യങ്ങൾക്കുമായി രൂപീകരിച്ച സെൻട്രൽ പെൻഷൻ ഫണ്ടിൽ ഇപ്പോൾ ഇതിനായി എത്ര രൂപ നിക്ഷേപമായുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 20/03/2018 വരെ 25,84,66,907/- രൂപ (ഇരുപത്തിഅഞ്ച് കോടി എൺപത്തിനാല് ലക്ഷത്തി അറുപത്തിയാറായിരത്തി തൊള്ളായിരത്തിയേഴ് രൂപാ മാത്രം) |
| (സി) | ജീവനക്കാർ കോടതിയെ സമീപിച്ച സാഹചര്യത്തിൽ പൊതു ആവശ്യ ഫണ്ടിൽ നിന്ന് പെൻഷൻ തുക അനുവദിക്കാൻ നഗരസഭകൾ തയ്യാറാകുകയുണ്ടായോ; | (സി) | ജീവനക്കാർ കോടതിയെ സമീപിക്കുന്ന സാഹചര്യത്തിൽ ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ ജീവനക്കാർക്ക് പെൻഷൻ തുക അലോട്ട്മെന്റായി അനുവദിച്ച് നൽകാറുണ്ട്. |
| (ഡി) | എന്നാൽ പൊതു ആവശ്യഫണ്ട് പെൻഷൻ വിതരണത്തിന് ഉപയോഗിക്കുന്നതിൽ നിയമതടസ്സമുണ്ടെന്ന വിദഗ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില കോർപ്പറേഷൻ മേയർ, നഗരസഭാ ചെയർമാൻ / ചെയർപേഴ്സൺ എന്നിവർ പെൻഷൻ വിതരണത്തിൽ പൊതു ആവശ്യ ഫണ്ട് വിനിയോഗിക്കുന്നതിൽ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**